**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം ,തിരുവനന്തപുരം

വിഷയം:- ആവഡ-ജീവനക്കാര്യം -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ജിതേന്ദ്രൻ .ബി.വി,ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം മുൻപാകെ ഫയൽ ചെയ്ത **OA(EKM) 51/2025** നമ്പർ കേസിന്മേലുള്ള 14/01/2025 ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.- സംബന്ധിച്ച്:-

പരാമർശം :-
1 ) ഒ.എ (ഇ .കെ .എം ) 51/2025 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14/01/2025 തീയതിയിലെ ഉത്തരവ്.
2 ) പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ജിതേന്ദ്രൻ . ബി.വി സമർപ്പിച്ച Annexure A9 പ്രകാരമുള്ള 18/12/2024 ലെ നിവേദനം .
3) ഉത്തരവ് നം. ഇ.ബി 4- 9298/24/ആവഡ തീയതി 23/8/2024.
4) കത്ത് നം.ഇ.ബി 4- 318/25/ആവഡ തീയതി 08/01/2025.

**ഉത്തരവ്നം.ഇ.ബി4-318/2025/ആവഡതീയതി #ApprovedDate#**

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ജിതേന്ദ്രൻ. ബി.വി 2024 പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ 51/2025 നമ്പർ ഒ.എ (ഇ .കെ .എം ) ഫയൽ ചെയ്തിരുന്നു.ആയതിൽ പരാമർശം 1

പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷകന്റെ വിരമിക്കൽ തീയതിയും ഔട്ട് സ്റ്റേഷൻ സേവനവും കൂടി കണക്കിലെടുത്ത് അപേക്ഷകൻ **Annexure A9** പ്രകാരം സമർപ്പിച്ച ഹർജി വിധി പകർപ്പ് ലഭ്യമായി ഒരു മാസത്തിനകം രണ്ടാം റെസ്പൊൺഡെൻറ് ആയ ആരോഗ്യവകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

**2.** പരാമർശം **2** ലെ Annexure 9 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നത്;

താൻ കോഴിക്കോട് നിവാസി ആണ്. വിരമിക്കൽ തീയതി 31-03-2026 ആണ്. 23/11/2000 ൽ സി .എച്ച് .സി Valayam-ത്ത് ആരോഗ്യവകുപ്പിൽ സർവ്വീസിൽ പ്രവേശിച്ചു. **01/7/2011** മുതൽ **30/6/2013** വരെയുള്ള സർവ്വീസ് ക്വട്ടയിൽ പിജി കോഴ്സിന് ശേഷം **01/7/2013** നു തലശ്ശേരി ജനറൽ ആശുപത്രിയിൽ പ്രവേശിച്ചിരുന്നു. **24/01/2018** ൽ ജൂനിയർ കൺസൽട്ടൻറ് പീഡിയാട്രിക്സ് വിഭാഗത്തിൽ ഇരിക്കൂർ താലൂക്കാശുപത്രിയിൽ തന്നെ നിയമിച്ചിരുന്നു. കോഴിക്കോട് ജില്ലാ ആശുപത്രികളിലോ ജനറൽ ആശുപത്രികളിലോ ജൂനിയർ കൺസൽട്ടൻ്റായി (പീഡിയാട്രിക്സ്) ജോലി ചെയ്യാൻ തനിക്ക് അവസരം കിട്ടിയില്ല. **03.10.2019**-ന് സി എച്ച് സി **Valayam**-ത്ത് നിന്ന് കണ്ണൂരിലെ താലൂക്ക് ആശുപത്രി പയ്യന്നൂരിലേക്ക് ജൂനിയർ കൺസൽട്ടൻ്റായി (പീഡിയാട്രിക്സ്) ആയി തന്നെ സ്ഥലം മാറ്റി. ടി സ്ഥാപനത്തിൽ **4** വർഷം പൂർത്തിയാക്കിയ ശേഷം, **2023**-ജനറൽ ട്രാൻസ്ഫർ സമയത്ത്, താൻ ജനറൽ ആശുപത്രി, തലശ്ശേരി , താലൂക്ക് ആശുപത്രി, നാദാപുരം, സി .എച്ച് .സി വലയം , ജില്ലാ ആശുപത്രി വടകര എന്നിവടങ്ങളിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. **2023** ലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ തനിക്ക് ഒന്നാമത്തെ ഓപ്ഷൻ ആയ തലശ്ശേരി ജനറൽ ആശുപത്രിയിൽ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് അനുവദിച്ചിരുന്നു. എന്നാൽ **2023**- ലെ പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ, കരട് പട്ടികയിൽ തനിക്ക് അനുവദിച്ച സ്റ്റേഷനിൽ **4** വർഷമായി കണ്ണൂർ മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ. ശ്രീജിത്ത് കെ. യെ പോസ്റ്റ് ചെയ്യുകയും തന്നെ പയ്യന്നൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ തന്നെ നിലനിർത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ തന്റെ ഓപ്ഷനുകൾ ക്യൂ ലിസ്റ്റിൽ നിലനിർത്തുമെന്നും ഓപ്ഷൻ സമർപ്പിച്ചിരുന്ന സ്റ്റേഷനുകളിലെ ഒഴിവുകൾക്കനുസരിച്ച് പോസ്റ്റിംഗ് നൽകുമെന്നും രേഖപ്പെടുത്തിയിരുന്നു .എന്നാൽ ആയത് നടപ്പിലാക്കിയിട്ടില്ല.

താൻ **2024** പൊതുസ്ഥലംമാറ്റത്തിൽ **4** ഓപ്ഷനുകൾ നൽകിയിരുന്നു

1.GH Thalasserry

2.CHC Valayam

3.GH Kozhikkode

4.THQH Nadapuram

പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ച സമയത്ത് സ്ഥാപനത്തിലെ ക്ലർക്കിനോട് രണ്ടാമത്തെ ഓപ്ഷൻ ആയി GH Kozhikkode submit ചെയ്യുവാൻ പറഞ്ഞിരുന്നു. എന്നാൽ ക്ലാർക്ക് CHC Valayam ആണ് രണ്ടാമത്തെ ഓപ്ഷൻ ആയി വച്ചത് . ആയത് അനുസരിച്ച് കരട് ലിസ്റ്റിൽ മൂന്നാമത്തെ ഓപ്ഷൻ ആയ കോഴിക്കോട് ജനറൽ ആശുപത്രി അനുവദിച്ചിരുന്നു (less than 2 years for retirement). കരട് പട്ടികയിൽ അനുവദിച്ചിരിക്കുന്ന പ്രകാരം തന്നെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലനിർത്തണമെന്ന് അഭ്യർത്ഥിച്ച് 18.06.2024-ന് താൻ ഹർജി സമർപ്പിച്ചിരുന്നു .എന്നാൽ അന്തിമ പട്ടികയിൽ രണ്ടാമത്തെ ഓപ്ഷൻ ആയ CHC Valayam ആണ് നല്കിയത്. ജനറൽ ആശുപത്രി, കോഴിക്കോട് സേവനമനുഷ്ഠിക്കുന്ന ഡോ.ഷാജ് കുമാർ .എ.കെയ്ക്ക് SC Protection ഉള്ളതിനാൽ 31-03-2024-ന് 5 വർഷം പൂർത്തിയാക്കിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി തന്നെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലനിർത്തി.അതിനുശേഷം 03/9/2024നു CHC Valayam-ത്ത് ജോയിൻ ചെയ്തു. 06-07-2024-ന് ഡോ. ഷാജ് കുമാർ കോഴിക്കോട് ജനറൽ ആശുപത്രിയിൽ അഞ്ച് വർഷം പൂർത്തിയാക്കിയതിനാൽ തന്നെ തലശ്ശേരി ജനറൽ ആശുപത്രിയിലേക്കോ കോഴിക്കോട് ജനറൽ ആശുപത്രിയിലേക്കോ സ്ഥലം മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ച് 13.12.2024-ന് താൻ ഒരു നിവേദനം സമർപ്പിച്ചിരുന്നു . 31-03-2026-ന് വിരമിക്കുന്ന താൻ കോഴിക്കോട് ജില്ലാ ആശുപത്രിയിലോ ജനറൽ ആശുപത്രിയിലോ ജൂനിയർ കൺസൽട്ടൻ്റായി (പീഡിയാട്രിക്സ്) ജോലി ചെയ്തിട്ടില്ല. പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായുള്ള GO(P) 3/2017/P&ARD dtd 25/02/2017 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 (ii) പ്രകാരം, തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ പോസ്റ്റിങ്ങ് നൽകാൻ കഴിയാത്ത ജീവനക്കാരുടെ കാര്യത്തിൽ 3 വർഷത്തെ കാലയളവ് ബാധകമല്ല . തനിക്ക് ഉയർന്ന ഓപ്ഷനിൽ transfer അനുവദിച്ചിട്ടില്ല .തന്റെ സേവനക്കാലയളവിൽ താൻ 18 വർഷത്തിൽ കൂടുതൽ ഔട്ട് സ്റ്റേഷൻ സർവ്വീസ് ചെയ്തിട്ടുണ്ട് . കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. ഷാജ് കുമാർ 06-07-2024-ന് പ്രസ്തുത സ്ഥാപനത്തിൽ അഞ്ച് വർഷം പൂർത്തിയാക്കിയതിനാൽ കോഴിക്കോട് ജനറൽ

ആശുപത്രിയിലേക്കുള്ള സ്ഥലം മാറ്റത്തിനായുള്ള തന്റെ അവകാശവാദം GO(P) 3/2017/P&ARD dtd 25/02/2017 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 (ii), (iii), (iv), (v) പ്രകാരം പരിഗണിക്കണം. കോഴിക്കോട് ജനറൽ ഹോസ്പിറ്റലിലേക്ക് സ്ഥലമാറ്റം ലഭിക്കുന്നതിന് തന്നെക്കാൾ സീനിയർ ആയവർ ആരും തന്നെ ഇല്ല. ഡോ. ഷാജ് കുമാറിന് അഞ്ച് വർഷം തികയാത്തത് പരിഗണിച്ചയാണ് അന്തിമ പട്ടികയിൽ അദ്ദേഹത്തെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ തുടരാൻ അനുവദിച്ചത്. എന്നാൽ ടിയാൻ ഇപ്പോൾ പ്രസ്തുത സ്ഥാപനത്തിൽ അഞ്ച് വർഷത്തെ കാലാവധി പൂർത്തിയാക്കിട്ടുണ്ട്. അതിനാൽ കോഴിക്കോട് ജനറൽ ആശുപത്രിയിലെ ഡോ. ഷാജ് കുമാറിനേ സ്ഥലം മാറ്റി തന്നെ അവിടെ പോസ്റ്റ് ചെയ്യണമെന്നാണ് **Annexure A9** ഹർജിയിലെ ആവശ്യം.

3. മേൽപ്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു .

**2023** പൊതുസ്ഥലംമാറ്റത്തിൽ സ്പാർക് മുഖേന ജനറേറ്റ് ചെയ്ത പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ കരട് ലിസ്റ്റിൽ ഹർജിക്കാരനെ രണ്ടാമത്തെ ഓപ്ഷൻ ആയ നാദാപുരം താലൂക്കാസ്ഥാന ആശുപത്രിയിൽ ഉൾപ്പെടുത്തിയിരുന്നു. **15/6/2023** ന് ഡോ .ജിതേന്ദ്രൻ ബി .വി യ്ക്ക് ഒന്നാമത്തെ ഓപ്ഷൻ ആയ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകി അന്തിമ പട്ടികയിൽ ഭേദഗതി ചെയ്തു ഉത്തരവായിരുന്നു.എന്നാൽ കണ്ണൂർ മങ്ങാട്ടുപറമ്പ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.ശ്രീജിത്ത് .കെ-ക്കു ഹർജിക്കാരനെക്കാളും സ്റ്റേഷൻ സീനിയോറിറ്റി കൂടുതൽ ഉള്ളതിനാൽ ഡോ.ശ്രീജിത്ത് .കെയ്ക്ക് തലശ്ശേരി ജനറൽ ആശുപത്രി അനുവദിക്കുകയും ഹർജിക്കാരനായ ഡോ .ജിതേന്ദ്രൻ .ബി .വി യെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി ടിയാന്റെ ഓപ്ഷനുകളിൽ തുടർന്നുണ്ടാകുന്ന ഒഴിവിൽ പരിഗണിക്കുന്നതാണ് എന്നു വ്യക്തമാക്കി ടിയാനെ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ (പയ്യന്നൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ) നിലനിർത്തി ഉത്തരവായിരുന്നു.

**2023**-പൊതുസ്ഥലംമാറ്റത്തിൽ താഴെപ്പറയുന്ന ഓപ്ഷനുകൾ ആണ് ടിയാൻ സമർപ്പിച്ചിരുന്നത് .

1.GH Thalassery,Kozhikkode

2.THQH Nadapuram,Kozhikkode

3.CHC Valayam,Kozhikkode

4.DH Vadakara,Kozhikkode

2023 പൊതുസ്ഥലമാറ്റത്തിനും 2024 പൊതുസ്ഥലമാറ്റത്തിനുമിടയിൽ ടിയാന്റെ ഓപ്ഷനുകളിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിൽ വന്നില്ലായിരുന്നു .ആയതിനാൽ ക്യൂ ലിസ്റ്റ് പ്രകാരം ഹർജിക്കാരന് സ്ഥലമാറ്റം അനുവദിക്കാൻ നിർവ്വാഹമില്ലായിരുന്നു.ഡോ.ജിതേന്ദ്രൻ .ബി. വി പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ 2024 പൊതുസ്ഥലംമാറ്റത്തിൽ സമർപ്പിച്ചിരുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലും സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും ആണ് ടിയാന് സ്ഥലമാറ്റം നൽകിയിരിക്കുന്നത്. പൊതുസ്ഥലമാറ്റത്തിൽ ഓപ്ഷൻ സമർപ്പിക്കുമ്പോൾ ആയത് പരിശോധിക്കേണ്ടത് അപേക്ഷന്റെ മാത്രം ഉത്തരവാദിത്തം ആയിരുന്നു. അതിനു ക്ലർക്ക്-നെ കുറ്റപ്പെടുത്തുന്നതിൽ വസ്തുതയില്ല.

ഹർജിക്കാരനായ ഡോ .ജിതേന്ദ്രൻ .ബി .വി, ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) തസ്തികയിലെ 2024 പൊതുസ്ഥലമാറ്റ അപേക്ഷയിൽ 04-ഓപ്ഷനുകൾ സമർപ്പിച്ചിരുന്നു .

1.ജനറൽ ആശുപത്രി,തലശ്ശേരി
2.CHC Valayam
3.ജനറൽ ആശുപത്രി കോഴിക്കോട്
4.താലൂക്കാസ്ഥാന ആശുപത്രി,നാദാപുരം

2024 പൊതുസ്ഥലംമാറ്റത്തിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ഹർജിക്കാരന് വിരമിക്കൽ തീയതി പരിഗണിച്ച് മൂന്നാമത്തെ ഓപ്ഷൻ ആയ കോഴിക്കോട് ജനറൽ ആശുപത്രി അനുവദിച്ചിരുന്നു .എന്നാൽ പൊതുസ്ഥലംമാറ്റത്തിന്റെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ ഹർജി പരിശോധിക്കുന്ന വേളയിൽ ആണ് ജനറൽ ആശുപത്രി, കോഴിക്കോട് 09/7/2019 മുതൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഷാജ് കുമാർ .എ.കെയ്ക്ക് SC പ്രൊട്ടക്ഷൻ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടത് .ആയതിനാൽ അന്തിമ പട്ടികയിൽ ഡോ.ജിതേന്ദ്രന് ടിയാന്റെ രണ്ടാമത്തെ ഓപ്ഷൻ (Higher option ) ആയ CHC Valayam (വിരമിക്കൽ തീയതി പരിഗണിച്ച്) പരിഗണിച്ച് സ്ഥലമാറ്റം നൽകിയത്. ഡോ. ഷാജ് കുമാറിനെ അടുത്ത ജനറൽ ട്രാൻഫറിൽ മാത്രമേ അവിടെ നിന്നും സ്ഥലം മാറ്റുവാൻ കഴിയുകയുള്ളൂ.

4. മേൽ സാഹചര്യത്തിൽ 2024 പൊതുസ്ഥലംമാറ്റത്തിൽ ഡോ.ജിതേന്ദ്രന് ടിയാന്റെ രണ്ടാമത്തെ ഓപ്ഷൻ (Higher option ) ആയ CHC Valayam അനുവദിച്ച് ഉത്തരവായതിനാലും കോഴിക്കോട് ജനറൽ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാലും ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള Annexure A9

ഹർജിയിലെ ആവശ്യം അനുവദിക്കുവാൻ കഴിയില്ല. ആയത് നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (EKM) നമ്പർ 51/2025 കേസിന്മേലുള്ള പരാമർശം 1 വിധിന്യായം ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു .

Signed by
Reena K J
Date: 20-02-2025 12:25:15

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

1. ഡോ.ജിതേന്ദ്രൻ .ബി .വി,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ), Community Health Centre, Valayam, Kozhikode.

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം )
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) കോഴിക്കോട്